## സംസ്ഥാനത്തെ ഉന്നതവിദ്യാഭ്യാസ സൗകര്യങ്ങൾ

99 (1012) ശ്രീ. മഞ്ഞളാംകുഴി അലി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ഉന്നത വിദ്യാഭ്യാസത്തിനുള്ള സൗകര്യങ്ങളും ഉന്നത വിദ്യാഭ്യാസ നിലവാരവും സംബന്ധിച്ച് വിലയിരുത്തൽ നടത്തിയിട്ടുണ്ടോ ;

(ബി) എങ്കിൽ, ഇപ്പോഴും ഉന്നത വിദ്യാഭ്യാസത്തിനായി ധാരാളം കുട്ടികൾ അയൽ സംസ്ഥാനങ്ങളിലേക്ക് പോകുന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ ;

(സി) സംസ്ഥാനത്തുനിന്ന് ഉന്നത വിദ്യാഭ്യാസത്തിനായി അയൽ സംസ്ഥാനങ്ങളിലേക്ക് പോകുന്ന കുട്ടികളുടെ എണ്ണവും അയൽ സംസ്ഥാനത്തു നിന്ന് ഇവിടേക്ക് വരുന്ന കുട്ടികളുടെ എണ്ണവും താരതമ്യം ചെയ്യുമോ ;

(ഡി) കേരളത്തിന്റെ അതിർത്തി പ്രദേശങ്ങളിലാണ് അയൽ സംസ്ഥാനങ്ങളിലെ വിദ്യാഭ്യാസ സ്ഥാപനങ്ങൾ സ്ഥാപിച്ചിരിക്കുന്നതെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഇ) ഉന്നത വിദ്യാഭ്യാസത്തിന് നിലവിലുള്ള സീറ്റുകളുടെ എണ്ണം സംബന്ധിച്ച വിശദാംശം വെളിപ്പെടുത്തുമോ ;

(എഫ്) അയൽ സംസ്ഥാനങ്ങളിൽനിന്നും വിദേശത്തുനിന്നും വിദ്യാഭ്യാസത്തിനായി കേരളത്തിലേക്ക് വിദ്യാർത്ഥികളെ വരുത്തുക എന്നത് ഈ സർക്കാരിന്റെ ലക്ഷ്യമാണോയെന്ന് വ്യക്തമാക്കുമോ ;

(ജി) സംസ്ഥാനത്ത് വിദ്യാഭ്യാസ നിലവാരം മെച്ചപ്പെടുത്തുന്നതിനും കൂടുതൽ ആകർഷകമായ കോഴ്സുകൾ ആരംഭിക്കുന്നതിനും ഉദ്ദേശിക്കുന്നുണ്ടോ ;

(എച്ച്) ഉന്നത വിദ്യാഭ്യാസ രംഗത്ത് കേരളത്തെ ഒരു അന്താരാഷ്ട്ര കേന്ദ്രമാക്കി മാറ്റിയെടുക്കുന്നതിന് എല്ലാ തലത്തിലുമുള്ള അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് നടപടികൾ സ്വീകരിക്കുമോ ?

<u>ഉത്തരം</u>

(എ) നടത്തിയിട്ടുണ്ട്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) അത്തരത്തിൽ ഒരു പഠനം നടത്തിയിട്ടില്ല.

(ഡി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ഇ) ആർട്സ്, സയൻസ്, ഹ്യൂമാനിറ്റീസ്, ബിസിനസ് സ്റ്റഡീസ് വിഷയങ്ങളിൽ ബിരുദ പഠനത്തിന് എയ്ഡഡ്/ഗവൺമെന്റ് മേഖലയിൽ 61,421 സീറ്റുകൾ ഉണ്ട്. കൂടാതെ ബി.ടെക്കിന് 45,679 സീറ്റുകളും, എം.ടെക്കിന് 2286 സീറ്റുകളും 3 വർഷ എഞ്ചിനീയറിംഗ് ഡിപ്ലോമയ്ക്ക് 11,984 സീറ്റുകളും ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(എഫ്) സംസ്ഥാനത്തെ ഉന്നത വിദ്യാഭ്യാസ രംഗത്തെ ഗുണനിലവാരം അന്താരാഷ്ട്രനിലവാരത്തിലേക്ക് ഉയർത്തി വിദേശത്ത് നിന്നും അയൽ സംസ്ഥാനങ്ങളിൽ നിന്നും വിദ്യാഭ്യാസത്തിനായി കേരളത്തിലേക്ക് വിദ്യാർത്ഥികളെ ആകർഷിക്കുക എന്നത് ഈ സർക്കാരിന്റെ ലക്ഷ്യമാണ്.

(ജി) ഉദ്ദേശിക്കുന്നുണ്ട്.

(എച്ച്) അന്താരാഷ്ട്ര നിലവാരത്തിലുള്ള സ്ഥാപനങ്ങളുമായി, ഉന്നത വിദ്യാഭ്യാസ രംഗത്ത് സഹകരണം ഉറപ്പാക്കുന്നതിന് ഒരു ആഗോള വിദ്യാഭ്യാസ സംരംഭം നടത്താൻ സർക്കാർ തീരുമാനിച്ചിട്ടുണ്ട്. കൂടാതെ 'എമേർജിംഗ് കേരള' പദ്ധതിയിൽപ്പെടുത്തി, ദുബായിലെ നോളെഡ്ജ് വില്ലേജ് മാതൃകയിൽ ഒരു അക്കാദമിക് സിറ്റി സ്ഥാപിക്കാനും സർക്കാർ ഉദ്ദേശിക്കുന്നുണ്ട്.

**അക്കാദമിക് സിറ്റി ആരംഭിക്കാൻ നടപടി**

**100 (1013)** ശ്രീ. കെ. എൻ. എ. ഖാദർ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ ;

(എ) വിദ്യാഭ്യാസ വകുപ്പിന്റെകീഴിൽ അക്കാദമിക് സിറ്റി ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) എങ്കിൽ ആയത് കോഴിക്കോട് സർവ്വകലാശാലാ പരിസരത്ത് സ്ഥാപിക്കുവാൻ നടപടി സ്വീകരിക്കുമോ ;

(സി) കോഴിക്കോട് സർവ്വകലാശാലയ്ക്ക് ആധുനിക രീതിയിലുള്ള പുതിയ അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്ക് നിർമ്മിക്കുവാൻ സർക്കാരിൽ നിന്ന് സഹായം ആവശ്യപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഇത് സംബന്ധിച്ച് ഇതുവരെ സ്വീകരിച്ച നടപടി എന്തെല്ലാമാണ് ; ഇക്കാര്യത്തിൽ എത്രയുംവേഗം അനുകൂലമായ നടപടികൾ സ്വീകരിക്കുമോ ?

**ഉത്തരം**

(എ) സംസ്ഥാന ഗവൺമെന്റിന്റെ എമർജിംഗ് കേരള പദ്ധതിയിൽ ഉൾപ്പെടുത്തി, വിദേശ സർവ്വകലാശാലകളുമായി ചേർന്ന് ദുബായിലെ നോളജ് സിറ്റി മാതൃകയിൽ ഒരു ഉന്നത വിദ്യാഭ്യാസ സമുച്ചയം സ്ഥാപിക്കാനാണ് ഉദ്ദേശിക്കുന്നത്. ഇതിനായി ദുബായിലെ നോളജ് സിറ്റി അധികൃതരുമായി അനൗപചാരിക ചർച്ചകൾ നടത്തിയിട്ടുണ്ട്.

(ബി) സ്ഥാപിക്കുന്ന സ്ഥലം സംബന്ധിച്ച് അന്തിമ തീരുമാനം കൈക്കൊണ്ടിട്ടില്ല.

(സി) ഉണ്ട്. അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്ക് നിർമ്മാണത്തിനായി 50 കോടി രൂപയുടെ ധനസഹായമാണ് ആവശ്യപ്പെട്ടിട്ടുള്ളത്. സർക്കാരിന്റെ വിഭവലഭ്യതയുടെ പരിമിതി കണക്കിലെടുത്ത് മാത്രമേ ഇക്കാര്യത്തിൽ ഒരു തീരുമാനം എടുക്കാൻ കഴിയൂ.

LIBRARY ARCHIVES Kerala Legislative Assembly